സാമ്പത്തിക പരിമിതികൾക്കകത്തു നിന്നുകൊണ്ട് ആകാവുന്ന എല്ലാ സഹായങ്ങളും ആശ്വാസ നടപടികളും വയനാട് ജില്ലയുടെ കാര്യത്തിൽ സർക്കാർ കൈക്കൊള്ളുന്നതാണ്.

കേരളത്തിൽ പൊതുവെയും, വയനാട് ജില്ലയിൽ പ്രത്യേകിച്ചും കർഷകർ സാമ്പത്തിക പ്രതിസന്ധിയിലാണ്. വരൾച്ചയെത്തുടർന്നുള്ള കൃഷിനാശം, കാപ്പി, തേയില, കുരുമുളക്, അടയ്ക്ക തുടങ്ങിയ കാർഷികോത്പന്നങ്ങൾക്ക് ഉണ്ടായിട്ടുള്ള വിലത്തകർച്ച, ഋണബാദ്ധ്യത തുടങ്ങിയവയാണ് ഈ പ്രതിസന്ധിയുടെ മുഖ്യ കാരണം. ഈ പശ്ചാത്തലത്തിൽ 50,000 രൂപവരെയുള്ള കാർഷിക കടങ്ങൾ എഴുതിത്തള്ളണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെടുന്നതാണ്. ഇതിനുംപുറമേ, വരൾച്ചയുടെയും പ്രളയത്തിന്റെയും കെടുതികളിൽപ്പെട്ട് നാശനഷ്ടങ്ങൾ സംഭവിച്ച കർഷകരെ പുനരധിവസിപ്പിക്കുന്നതിനും കാർഷിക മേഖല പുനഃസംഘടിപ്പിക്കുന്നതിനും ഉപയുക്തമായ ഒരു വിപുല പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കേണ്ടത് ആവശ്യമാണെന്ന് ഗവൺമെന്റ് കരുതുന്നു. ഇവയ്ക്കെല്ലാം കേന്ദ്ര സഹായം കൂടിയേ തീരൂ. അതിലേക്ക് ഒരു മെമ്മോറാണ്ടം തയ്യാറാക്കി വരുന്നു. ഈ മാസം 22-ാം തീയതി ക്യാബിനറ്റ് സബ് കമ്മിറ്റി ഡൽഹിക്ക് പുറപ്പെടുന്നതും പ്രധാനമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, കൃഷി വകുപ്പുമന്ത്രി തുടങ്ങിയവരെ കണ്ട് കേരളത്തിലെ ഇന്നത്തെ സ്ഥിതിവിശേഷം നേരിട്ട് ബോദ്ധ്യപ്പെടുത്തുന്നതും കേന്ദ്ര സഹായം ആവശ്യപ്പെടുന്നതുമാണ്.

കേന്ദ്ര സഹായത്തിന്റെ അടിസ്ഥാനത്തിൽ ഒരു കർഷകസഹായ പദ്ധതിക്ക് അന്തിമ രൂപം നൽകി സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കുന്നതാണ്.

III ക്രമപ്രശ്നം

റൂൾ 130 അനുസരിച്ച് ചർച്ച അനുവദിക്കണമെന്ന ആവശ്യം

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. റൂൾ 300 അനുസരിച്ച് മന്ത്രി ഒരു പ്രസ്താവന ചെയ്താൽ ആ പ്രസ്താവന സംബന്ധിച്ച് ചോദ്യം ചെയ്യാൻ മെമ്പർമാർക്ക് അവകാശമില്ല. ഇവിടെ ബഹുമാനപ്പെട്ട ജയരാജൻ ഇന്നലെ ഒരു സബ്മിഷൻ എഴുതിക്കൊടുത്തു. അതിന് ഇന്ന് മറുപടി പറയാമെന്ന് ബഹുമാനപ്പെട്ട മന്ത്രി സഭയെ അറിയിച്ചിരുന്നു. പ്രധാനപ്പെട്ട ഈ പ്രശ്നം സംബന്ധിച്ച് റൂൾ 130 അനുസരിച്ച് ഒരു മണിക്കൂർ ചർച്ചയ്ക്കുവേണ്ടി ഞാൻ നോട്ടീസ് നൽകിയിട്ടുണ്ട്. മന്ത്രി ചെയ്ത ഈ പ്രസ്താവനയെ അടിസ്ഥാനമാക്കി അതിനുള്ള സന്ദർഭം ബഹുമാനപ്പെട്ട ചെയർ ഉണ്ടാക്കണം.

.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഈ ചർച്ചയൊക്കെ തെറ്റാണ്. A statement may be made by a Minister on a matter of public importance with the consent of the Speaker, but no question shall be asked at the time the statement is made. ഇതു സംബന്ധിച്ച് ഒരു ചോദ്യവും allowable അല്ല.....(ബഹളം).....

ശ്രീ. എം. വി. ജയരാജൻ: സർ, ഇന്നത്തെ കാര്യപരിപാടിയിൽ റൂൾ 300 പ്രകാരം മന്ത്രി പ്രസ്താവന നടത്തുന്നതായി ഞങ്ങൾക്കു തന്ന നോട്ടീസിലില്ല. ഇന്നലെ പറഞ്ഞത് ശ്രീ. എം. വി. ജയരാജൻ ഇവിടെ ഒരു സബ്മിഷൻ തന്നിട്ടുണ്ട്; അതിന് മറുപടി പറയുമ്പോൾ ഇതു സംബന്ധിച്ച് പറയുമെന്നാണ്. ഇന്നത്തെ കാര്യപരിപാടിയുടെ ലിസ്റ്റിൽപ്പെടുത്തിയ പ്രകാരം സബ്മിഷൻ ആരുടേതൊക്കെയാണെന്നും, ഏതൊക്കെ വിഷയമാണെന്നും സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. ഇങ്ങനെ വ്യക്തമായ കാര്യപരിപാടി നിയമസഭ മുമ്പാകെയിരിക്കെ റൂൾ 300 പ്രകാരം പ്രസ്താവന നടത്തിക്കൊണ്ട് ഇവിടെ ഒരു ചോദ്യംപോലും ചോദിക്കാൻ മറ്റുള്ളവർക്ക് അവസരമില്ല എന്ന വ്യക്തമായ വ്യവസ്ഥ മനസ്സിലാക്കിക്കൊണ്ട് സർക്കാർ ഈ സഭയെ അവഹേളിക്കുംവിധത്തിലുള്ള നിലപാടാണ് സ്വീകരിച്ചത്. അതുകൊണ്ട് റൂൾ 130 പ്രകാരം ചർച്ച അനുവദിക്കണം. അനുവാദമുണ്ടാകണം.

മി. ഡെപ്യൂട്ടി സ്പീക്കർ: കാളിംഗ് അറ്റൻഷൻ, ശ്രീ. പി. എസ്. സുപാൽ. പ്ളീസ്.....(ബഹളം).....രേഖയിൽ കാണുകയില്ല ..... നോ.....നോ.....(ബഹളം).....പ്ളീസ്.....ശ്രീ. അച്ചുതൻ..... (ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. എം. മാണി, വയനാട്ടിൽ പോയി അവിടെയുണ്ടായിരുന്ന സ്ഥിതിഗതികൾ പരിശോധിച്ച ശേഷം ഇവിടെ സഭയുടെ മുമ്പാകെ റൂൾ 300 അനുസരിച്ച് പ്രസ്താവന നടത്തി. പറഞ്ഞു. യഥാർത്ഥത്തിൽ ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. അവിടെ 6 വീടുകളിൽ മാത്രമേ മന്ത്രിയും സംഘവും പോയിട്ടുള്ളൂ. നൂറോളം ....(ബഹളം).....എനിക്കു പറയാനുള്ളത് കേട്ടാൽ പ്രശ്നം തീരും.....(ബഹളം).....നൂറോളം കൃഷിക്കാർ അവിടെ ആത്മഹത്യ ചെയ്തിട്ടുണ്ട്. ആറു വീടുകളിൽ മാത്രമാണ് മന്ത്രിസഭാ ഉപസമിതി പോയത്. അവിടുത്തെ കാർഷിക പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനു വേണ്ടി റൂൾ 130 അനുസരിച്ച് ഒരു നോട്ടീസ് ഞാൻ നേരത്തെ ചെയറിന് നൽകിയിട്ടുണ്ട്. സെക്രട്ടറിക്കും കൊടുത്തിട്ടുണ്ട്. ഇവിടെ അങ്ങനെ യാതൊരു ചർച്ചയും നടത്താതെ വയനാട്ടിലെ ഗൗരവമായ പ്രശ്നം ചർച്ച ചെയ്യാനുള്ള സാഹചര്യം നിഷേധിച്ച ഈ ഗവണ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭ വിട്ട് പുറത്തുപോകുകയും അല്പ സമയത്തിനുള്ളിൽ വീണ്ടും ഹാജരാകുകയും ചെയ്തു.)

LIBRARY ARCHIVES Kerala Legislative Assembly